# മോഡൽ പരീക്ഷ

## (അടിസ്ഥാനശാസ്ത്രം)

**Class -6** | **Time : 2 Hours**

നിർദേശങ്ങൾ

- 5 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ആകെ 10 പ്രവർത്തനങ്ങളാണ് നൽകിയിരിക്കുന്നത് അവയിൽ നിന്ന് ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

### പ്രവർത്തനം I

**1.** താഴെ കൊടുത്ത് വസ്തുക്കൾ ശ്രദ്ധിക്കൂ.

| | |
|---|---|
| A<br>മെഴുകുപൊടി | B<br>ഇരുമ്പ് |
| C<br>ഉപ്പ് | D<br>മണൽ |

**i) A, B** എന്നിവ കൂടിക്കലർന്നാൽ എങ്ങനെ വേർതിരിക്കാം?

**ii) A, C** എന്നിവ കൂടിക്കലർന്നാൽ എങ്ങനെ വേർതിരിക്കാം?

**iii) A, D** എന്നിവ കൂടിക്കലർന്നാൽ എങ്ങനെ വേർതിരിക്കാം?

### പ്രവർത്തനം 2

ചിത്രം നിരീക്ഷിക്കൂ




**a) a, b, c** എന്നിവ ഏത് അസ്ഥികളാണെന്ന് എഴുതുക.

**b)** അസ്ഥികൂടത്തിന്റെ ചിത്രത്തിൽ അടയാളപ്പെടുത്തിയി രിക്കുന്ന ഏതെങ്കിലും രണ്ട് അസ്ഥികളുടെ പ്രയോജനം എഴുതുക.

### പ്രവർത്തനം 3

മാർച്ച് മാസത്തിൽ സൂര്യാസ്തമയത്തിനുശേഷം പടിഞ്ഞാറേ ചക്രവാളത്തിനു മുകളിലായി വ്യാഴത്തെയും അതിനു മുകളിൽ നന്നായി തിളങ്ങി നിൽക്കുന്ന ശുക്രനേയും കാണാം. കൂടാതെ നമുക്ക് പരിചിതമായ നക്ഷത്ര ഗണങ്ങളെയും കണ്ടെത്താവുന്നതാണ്.

**a)** ഏതെല്ലാം സവിശേഷതകളെ അടിസ്ഥാനമാക്കിയാണ് നക്ഷത്ര ങ്ങളെയും ഗ്രഹങ്ങളെയും തിരിച്ചറിയുന്നത്?

**b)** താഴെ കൊടുത്തിരിക്കുന്ന ചിത്രം ഏതു നക്ഷത്രഗണത്തെ സൂചിപ്പിക്കുന്നു?



**c)** താഴെ കൊടുത്തിരിക്കുന്ന നക്ഷത്രഗണത്തെ തിരിച്ചറിഞ്ഞ് പേരെഴുതുക



## പ്രവർത്തനം 4




എ) ആവാസവ്യവസ്ഥയിലെ ഘടകങ്ങൾ ഉൾപ്പെട്ട ചിത്രീക രണം നിരീക്ഷിച്ചല്ലോ? ഇവയെ പൊതുസവിശേഷതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പട്ടികപ്പെടുത്തുക.

ബി) ആവാസവ്യവസ്ഥയിലെ ഘടകങ്ങൾ നിലനിൽക്കേ തിന്റെയും സംരക്ഷിക്കപ്പെടേ തിന്റെയും ആവശ്യകത വ്യക് തമാക്കുക.

## പ്രവർത്തനം 5

A. ഇവയിൽ ശുദ്ധപദാർത്ഥമല്ലാത്തതേത്?

(ഉപ്പ്, അലുമിനിയം, പഞ്ചസാര ലായനി, ഓക്സിജൻ) വിശദീകരണം നൽകുക.

മിശ്രിതങ്ങളുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന പരീക്ഷണങ്ങൾ പരിശോധിക്കൂ.

പരീക്ഷണം 1

ഒരു ഗ്ലാസിൽ മണ്ണെണ്ണയും അറക്കപ്പൊടിയും കൂട്ടിക്കലർത്തുക.

പരീക്ഷണം 2

ഒരു ഗ്ലാസിൽ വെള്ളവും പഞ്ചസാരയും കൂട്ടിക്കലർത്തുക.

**B.** മുകളിൽ നൽകിയിരിക്കുന്ന ഏത് പരീക്ഷണമാണ് താഴെ തന്നിരിക്കുന്ന നിഗമനങ്ങൾക്ക് ഉചിതമായത്?

- ജലത്തിൽ പൂർണമായും ലയിക്കുന്നു.
- ഗ്ലാസിലെ മിശ്രിതം എല്ലാ ഭാഗത്തും ഒരേ സ്വഭാവം കാണിക്കുന്നു.

**C.** താഴെ തന്നിരിക്കുന്ന മിശ്രിതങ്ങൾ ഉചിതമായി വർഗീകരിക്കുക.

സംഭാരം, സോഡാ, ഫ്രൂട്ട് സാലഡ്, പിച്ചള

## പ്രവർത്തനം 6

മനുഷ്യശരീരത്തിലെ പ്രധാന അസ്ഥികളുടെ പേരും അവ സ്ഥിതിചെയ്യുന്ന സ്ഥാനത്തിന് ഓരോ ഉദാഹരണവും സന്ധിയുടെ സവിശേഷതകളും തന്നിരിക്കുന്നു. അതിൽ കൂട്ടിച്ചേർക്കേണ്ട ഭാഗം കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| അസ്ഥിസന്ധി യുടെ പേര് | സ്ഥാനത്തിന് ഉദാഹരണം | സവിശേഷത |
|---|---|---|
| 1. .......(a)........ | കാൽമുട്ട് | ഒരു വശത്തേക്കു മാത്രം ചലനം |
| 2. കീലസന്ധി | കഴുത്തും തലയും ചേരുന്ന സ്ഥാനം | ............(b)................ |
| 3. .......(c)........ | തോളെല്ല് | എല്ലാ ദിശയിലും ചലിപ്പിക്കാം |

## പ്രവർത്തനം 7

**താഴെപ്പറയുന്ന ചലനങ്ങളെ അനുയോജ്യമായ മാനദ ണ്ഡങ്ങൾക്കനുസരിച്ച് വർഗീകരിക്കുക. വർഗീകരണത്തി ന്റെ മാനദണ്ഡം വിശദമാക്കുക.**

- **വിമാനം റൺവേയിലൂടെ ചീറിപ്പായുന്നു.**
- **ചെണ്ടകൊട്ടുമ്പോൾ തുകൽ വിറയ്ക്കുന്നു.**
- ആട്ടുകട്ടിൽ ആടുന്നു.
- വൃത്തപാതയിലൂടെ കളിത്തീവണ്ടി ഓടുന്നു.
- തെങ്ങിൽ നിന്നും തേങ്ങവീഴുന്നു.
- മിക് സി പ്രവർത്തിപ്പിക്കുമ്പോൾ ബ്ലേഡ് കറങ്ങുന്നു.
- ക്ലോക്കിലെ പെൻഡുലം ആടുന്നു.
- ഭൂമി സ്വന്തം അക്ഷത്തിൽ കറങ്ങുന്നു.
- കല്ല് കയറിൽ കെട്ടി വട്ടത്തിൽ കുറക്കുന്നു.

## പ്രവർത്തനം 8

ചുവടെ തന്നിരിക്കുന്ന ജീവികളെ ഉപയോഗിച്ച് നാല് ആഹാരശൃംഖല തയ്യാറാക്കു.




ബി) എല്ലാ ഭക്ഷ്യശൃംഖലകളുടേയും ആദ്യത്തെ കണ്ണി എന്തായിരിക്കും?

## പ്രവർത്തനം 9

ബാഹ്യാസ്ഥികൂടമുള്ളവ, ആന്തരാസ്ഥികൂടമുള്ളവ എന്നി ങ്ങനെ തരംതിരിക്കുക.

ചെമ്മീൻ, ഒച്ച്, ആന, ഞണ്ട്, പല്ലി, കാക്ക.

## പ്രവർത്തനം 10

ചുവടെ ചേർത്തിരിക്കുന്നവയെ ഉല്പാദകർ, ഉപഭോക്താ ക്കൾ, വിഘാടകർ എന്നിങ്ങനെ തരംതിരിക്കുക.

മനുഷ്യൻ, ബാക്ടീരിയ, ഫംഗസ്, മാവ്, പ്ലാവ്, പ്രാവ്